2014-15 സാമ്പത്തിക വർഷം വാർഷിക പദ്ധതികൾക്ക് അനുവദിച്ച തുക

44 (1442) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കലിന് എത്ര തുകയാണ് മന്ത്രിസഭ അംഗീകരിച്ചത് ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമാണ് അനുവദിച്ചത് ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ 2015 ഫെബ്രുവരി 28 വരെ വിവിധ വകുപ്പുകൾ ചെലവഴിച്ച തുക എത്ര ശതമാനം ; അവശേഷിക്കുന്ന 30 ദിവസം കൊണ്ട് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം സംസ്ഥാനത്തിന് എത്ര തുക 2015 ഫെബ്രുവരി 28 വരെ ചെലവഴിച്ചു ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) വാർഷിക പദ്ധതിയും, കേന്ദ്രാവിഷ്കൃത പദ്ധതിയും വെട്ടിച്ചുരുക്കി തുക മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലേക്കായി 20,000 കോടി രൂപയുടെ പദ്ധതി അടങ്കലിനാണ് (State plan) മന്ത്രിസഭ അംഗീകാരം നൽകിയത്.

(ബി&സി) 2014-15 വാർഷിക പദ്ധതിയിൽ വകുപ്പുതിരിച്ചുള്ള പദ്ധതി അടങ്കലും 28-2-2015 വരെ വിവിധ വകുപ്പുകൾ ചെലവഴിച്ച തുകയും ശതമാനവും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* അവശേഷിക്കുന്ന ദിവസങ്ങൾകൊണ്ട് മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പദ്ധതി വെട്ടിച്ചുരുക്കി ടി തുക മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly